കേരളസർവകലാശാല

**Re-accredited by NAAC with A++ GRADE**

നം. പി.ആർ. **141/2026** തിരുവനന്തപുരം, തീയതി : **08/07/2026**

# പത്രക്കുറിപ്പ്

## കേരളസർവകലാശാല
## ഒന്നാം വർഷ ബിരുദ (FYUGP) പ്രവേശനം 2026
## എയ്ഡഡ് കോളേജുകളിലെ കമ്മ്യൂണിറ്റി ക്വാട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു
## കോളേജ് പ്രവേശനം ജൂലൈ 09, 10 തീയതികളിൽ

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള എയ്ഡഡ് കോളേജുകളിലെ കമ്മ്യൂണിറ്റി ക്വാട്ട സീറ്റുകളിലേക്കുള്ള അലോട്ട്മെന്റ് വെബ്സൈറ്റിൽ (https://admissions.keralauniversity.ac.in/fyugp2026) പ്രസിദ്ധീകരിച്ചു. വിദ്യാർത്ഥികൾക്ക് അവരുടെ പ്രൊഫൈലിൽ ലോഗിൻ ചെയ്ത് കമ്മ്യൂണിറ്റി ക്വാട്ട അലോട്ട്മെന്റ് എന്ന ടാബ് ഉപയോഗിച്ച് അലോട്ട്മെന്റ് പരിശോധിക്കാവുന്നതാണ്. അലോട്ട്മെന്റ് ലഭിച്ചിട്ടുള്ളപക്ഷം ഫീസ് ഒടുക്കി (നിലവിൽ യൂണിവേഴ്സിറ്റി ഫീ അടയ്ക്കാത്തവർ) അലോട്ട്മെന്റ് മെമ്മോ ഡൗൺലോഡ് ചെയ്ത് ആയതിൽ പറഞ്ഞിരിക്കുന്ന തീയതിയിൽ അലോട്ട്മെന്റ് ലഭിച്ച കോളേജിൽ ഹാജരാകേണ്ടതാണ്. ജൂലൈ 09, 10 തീയതികളിലാണ് കോളേജ് പ്രവേശനം. കമ്മ്യൂണിറ്റി ക്വാട്ടയിൽ അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ അഡ്മിഷൻ സമയത്ത് കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ്, ടി.സി എന്നിവ ഉൾപ്പെടെ എല്ലാ സർട്ടിഫിക്കറ്റുകളും ഹാജരാക്കേണ്ടതാണ്.

കമ്മ്യൂണിറ്റി ക്വാട്ടയിൽ അലോട്ട്മെന്റ് ലഭിച്ച കോളേജിൽ തൃപ്തരായവർ ഹയർ ഓപ്ഷനുകൾ നിർബന്ധമായും റദ്ദാക്കേണ്ടതാണ്. കമ്മ്യൂണിറ്റി ക്വാട്ടയിൽ അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ പ്രസ്തുത കോളേജിൽ അഡ്മിഷൻ എടുത്തില്ല എങ്കിൽ അവരെ തുടർന്നുള്ള കമ്മ്യൂണിറ്റി ക്വാട്ട അലോട്ട്മെന്റിലേക്ക് പരിഗണിക്കുന്നതല്ല. അഡ്മിഷൻ ലഭിക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും അപാർ (APAAR) ഐഡി നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്. ആയതിനാൽ നിലവിൽ അപാർ (APAAR) ഐഡി ഇല്ലാത്ത വിദ്യാർത്ഥികൾ അഡ്മിഷൻ തീയതിക്ക് മുൻപായി www.abc.gov.in എന്ന വെബ്സൈറ്റ് സന്ദർശിച്ച് അപാർ (APAAR) ഐഡി ജനറേറ്റ് ചെയ്യേണ്ടതാണ്. അലോട്ട്മെൻറ് സംബന്ധമായ മറ്റ് വിവരങ്ങൾക്ക് അഡ്മിഷൻ വെബ്സൈറ്റ് (https://admissions.keralauniversity.ac.in/fyugp2026) സന്ദർശിക്കുക. സംശയനിവാരണത്തിനായി 8281883052 എന്ന മൊബൈൽ നമ്പറിൽ ബന്ധപ്പെടുക.

## കേരളസർവകലാശാല

## ഒന്നാം വർഷ  ബിരുദ പ്രവേശനം - 2026

## ബിഎ മ്യൂസിക് (വോക്കൽ) ഗവൺമെന്റ്/എയ്ഡഡ് കോളേജുകളിലെ ഒഴിവുള്ള സീറ്റുകളിലേക്ക് കോളേജ് ലെവൽ സ്പോട്ട് അലോട്ട്മെന്റ് ജൂലൈ 13 ന് അതാത് കോളേജുകളിൽ വച്ച്

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിലെ ബിഎ മ്യൂസിക് (വോക്കൽ) കോഴ്സിലേക്കുള്ള പ്രവേശനത്തിനായി നടത്തിയ അഭിരുചി പരീക്ഷയുടെ അടിസ്ഥാനത്തിലുള്ള റാങ്ക് ലിസ്റ്റ് പ്രകാരമുള്ള സ്പോട്ട് അലോട്ട്മെന്റ് ജൂലൈ 13 ന് അതാത് കോളേജുകളിൽ വച്ച് നടത്തുന്നു.

കോളേജ് ലെവൽ സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കാൻ താല്പര്യമുള്ള പ്രസ്തുത റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾ (നിലവിൽ അഡ്മിഷനിൽ തുടരുന്ന വിദ്യാർത്ഥികൾ ഉൾപ്പെടെ) എല്ലാ അസ്സൽ സർട്ടിഫിക്കറ്റുകളും **(including TC, Consolidated mark list, Eligibility certificate (for other Universities) etc)** സഹിതം ജൂലൈ 13 ന് രാവിലെ 12 മണിക്ക് മുൻപായി അതാത് കോളേജുകളിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ഒന്നിൽ കൂടുതൽ കോളേജുകളുടെ സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് രക്ഷകർത്താവ്/പ്രതിനിധിയുടെ സഹായം ഉപയോഗപ്പെടുത്താവുന്നതാണ്. രക്ഷകർത്താവ്/പ്രതിനിധിയാണ് ഹാജരാകുന്നതെങ്കിൽ അപേക്ഷയുടെ പ്രിന്റൗട്ട്, വിദ്യാർത്ഥി ഒപ്പിട്ട **authorization letter** എന്നിവയും കൂടി ഹാജരാക്കണം.

കൂടുതൽ വിവരങ്ങൾക്ക് അഡ്മിഷൻ പോർട്ടൽ സന്ദർശിക്കുക.

അഡ്മിഷൻ ലഭിക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും അപാർ **(APAAR)** ഐഡി നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്. ആയതിനാൽ നിലവിൽ അപാർ **(APAAR)** ഐഡി ഇല്ലാത്ത വിദ്യാർത്ഥികൾ അഡ്മിഷൻ തീയതിക്ക് മുൻപായി **www.abc.gov.in** എന്ന വെബ്സൈറ്റ് സന്ദർശിച്ച് അപാർ **(APAAR)** ഐഡി ജനറേറ്റ് ചെയ്യേണ്ടതാണ്. ഹെൽപ്പ് ലൈൻ നമ്പർ: **8281883052 (Whatsapp also)**.

## പ്രാക്ടിക്കൽ

കേരളസർവകലാശാലയുടെ നാലാം സെമസ്റ്റർ ബിപിഎ മ്യൂസിക് (മൃദംഗം) (ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി - 2023 അഡ്മിഷൻ, സപ്ലിമെന്ററി – 2021 & 2022 അഡ്മിഷൻ, മേഴ്സിചാൻസ് - 2013, 2017, 2018 & 2020 അഡ്മിഷൻ), ജൂൺ 2026 പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ 2026 ജൂലൈ 14 ന് നടത്തുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## ടൈംടേബിൾ

കേരള സർവകലാശാലയുടെ നാലാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. ബിഎസ്‌സി (ഇപ്രൂവ്മെന്റ്/സപ്ലിമെന്ററി - 2023 അഡ്മിഷൻ, സപ്ലിമെന്ററി - 2021 & 2022 അഡ്മിഷൻ, മേഴ്‌സിചാൻസ് - 2013, 2017, 2018 & 2020 അഡ്മിഷൻ), ജൂൺ 2026 ഫിസിക്സ്, കോംപ്ലിമെന്ററി കമ്പ്യൂട്ടർ സയൻസ്, മെഷീൻ ലേർണിംഗ്, എന്നീ പ്രാക്ടിക്കൽ പരീക്ഷകളുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പുതുക്കിയ ടൈംടേബിൾ

കേരള സർവകലാശാലയുടെ നാലാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. ബിഎസ്‌സി (ഇപ്രൂവ്മെന്റ്/സപ്ലിമെന്ററി - 2023 അഡ്മിഷൻ, സപ്ലിമെന്ററി - 2021 & 2022 അഡ്മിഷൻ, മേഴ്‌സിചാൻസ് - 2013, 2017, 2018 & 2020 അഡ്മിഷൻ), ജൂൺ 2026 ജിയോളജി പ്രാക്ടിക്കൽ പരീക്ഷയുടെ ടൈംടേബിൾ പുനർക്രമീകരിച്ചു. പുതുക്കിയ ടൈംടേബിൾ വെബ്സൈറ്റിൽ.

## സീറ്റൊഴിവ്

കരിക്കോട് ടി.കെ.എം കോളേജ് ഓഫ് ആർട്ട്സ് ആന്റ് സയൻസിൽ കേരള സർവകലാശാലയുടെ തുടർ വിദ്യാഭ്യാസ കേന്ദ്രം നടത്തുന്ന പിജി ഡിപ്ലോമ ഇൻ കൗൺസിലിംഗ് സൈക്കോളജി (PGDCP), സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് (CLISc) കോഴ്‌സുകളിലേക്ക് ഏതാനും സീറ്റുകൾ ഒഴിവുണ്ട്. പിജി ഡിപ്ലോമയ്ക്ക് ഒരു വർഷമാണ് കാലാവധി. ഏതെങ്കിലും വിഷയത്തിൽ കേരള സർവകലാശാല അംഗീകരിച്ച ബിരുദം നേടിയിരിക്കണം. പ്രായപരിധിയില്ല. സർക്കാർ അംഗീകാരമുള്ള ലൈബ്രറികളിലും സ്ഥാപനങ്ങളിലും ഗ്രേഡ് ഫോർ (Gr IV) തസ്തികകൾക്കുള്ള അടിസ്ഥാന യോഗ്യതയായി പിഎസ്‌സി അംഗീകരിച്ചിട്ടുള്ള ലൈബ്രറി സയൻസ് സർട്ടിഫിക്കറ്റ് കോഴ്‌സിന് ആറ് മാസമാണ് കാലാവധി. പ്ലസ് ടു പാസായവർക്ക് അപേക്ഷിക്കാം. പ്രായപരിധിയില്ല അധിക യോഗ്യതകൾ ബാധകമല്ല. അപേക്ഷാഫോമിനും മറ്റു വിവരങ്ങൾക്കും കോളേജ് ഓഫീസുമായി ബന്ധപ്പെടുക. 9495157428, 9605182201.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്ജ്)**

**E-mail:** For queries helpdesk@keralauniversity.ac.in/
**website:** www.keralauniversity.ac.in

*University information is available on* **9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**